7455
11/4/18

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - വേളാങ്കണ്ണി തീർത്ഥാടനത്തിനു പോയി മടങ്ങിവരവെ തമിഴ് നാട്ടിലെ കരുരിൽ വച്ച് 13.05.2017 ന് നടന്ന വാഹനാപകടം - ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

റവന്യൂ (ഡി ആർ എഫ് - ബി) വകുപ്പ്

ജി.ഒ.(എം. എസ് ) നമ്പർ : **138/2018/റവ** തിരുവനന്തപുരം തീയതി, **07.04.2018**

==========================================================================

പരാമർശം : (1) 22.05.2017 തീയതിയിലെ ജി.ഒ.(എം.എസ്) നമ്പർ : 165 / 17 /റവ നമ്പർ സർക്കാർ ഉത്തരവ്
(2) കാസറഗോഡ് ജില്ല കളക്ടറുടെ 27.11.2017 തീയതിയിലെ L6-5656/2017 നമ്പർ കത്ത്

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ , മഞ്ചേശ്വരം, കയ്യാർ ഗ്രൂപ്പ് വില്ലേജിൽ പെട്ട കൂടൽമർക്കട വില്ലേജിലെ മണ്ഡേക്കാപ്പിൽനിന്ന് വേളാങ്കണ്ണി തീർത്ഥാടനത്തിനു പോയി മടങ്ങിവരവെ , തമിഴ് നാട്ടിലെ കരുരിൽ വച്ച് 13.05.2017 ന് രാവിലെ വാഹനാപകടത്തിൽ മരണമടഞ്ഞ ഏഴ് പേരുടെ ആശ്രിതർക്ക് 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം ) വീതവും, ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന മൂന്നു പേരുടെ ചികിത്സാ ചെലവിന്റെ വിശദാംശങ്ങൾ ജില്ലാ കളക്ടർ ബില്ല് സഹിതം സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിച്ച നൽകാമെന്നും പരാമർശം (1) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2) പ്രകാരമുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ ഗുരുതരമായി പരിക്കേറ്റവർ നാല്പ പേരാണെന്നും , ടിയാളുടെ ചികിത്സ ചെലവ് കൂടി ചേർത്ത് **5,59,311 /- രൂപ (അഞ്ച് ലക്ഷത്തി അമ്പത്തി ഒൻപതിനായിരത്തി മുന്നൂറ്റി പതിനൊന്ന് രൂപ മാത്രം)** ആണെന്നും പരാമർശിച്ചിരിക്കുന്നു.

പരാമർശം (2) ന്റെ അടിസ്ഥാനത്തിൽ നാല് പേരുടെയും ചികിത്സാ ചെലവായ **5,59,311 /- രൂപ (അഞ്ച് ലക്ഷത്തി അമ്പത്തി ഒൻപതിനായിരത്തി മുന്നൂറ്റി പതിനൊന്ന് രൂപ മാത്രം)**, പരാമർശം (1) പ്രകാരം അനുവദിച്ച 14,00,000 /- രൂപയ്ക്ക് പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന നാല് പേർക്ക് അനുവദിച്ച വിതരണത്തിനാവശ്യമായിവരുന്ന **5,59,311 /- രൂപ (അഞ്ച് ലക്ഷത്തി അമ്പത്തി ഒൻപതിനായിരത്തി മുന്നൂറ്റി പതിനൊന്ന് രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund(NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തുക കാസറഗോഡ് ജില്ലാ കളക്ടർക്ക് അനുവദിക്കുന്ന മുറയ്ക്ക് ആശ്രിതർക്ക് രണ്ടാഴ്ചക്കുള്ളിൽ വിതരണം ചെയ്യേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ബി എസ് പാവനകുമാരി**
**സ്പെഷ്യൽ സെക്രട്ടറി**

ജില്ലാ കളക്ടർ ,കാസറഗോഡ്
തഹസിൽദാർ, മഞ്ചേശ്വരം
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് / റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ് / ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് : പൊതുഭരണ (എസ്. സി.) വകുപ്പിന്

**ഉത്തരവിൻ പ്രകാരം**

Ajith N

**സെക്ഷൻ ഓഫീസർ**